മേലെഴുത്ത് നം. S3/58788/2022/DCE തീയതി 16.02.2023

ഭരണഭാഷ - മാതൃഭാഷ

കോളേജ് വിദ്യാഭ്യാസഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം.
തീയതി:
ഫോൺ നം: 8281098580

# വിജ്ഞാപനം

## ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പിനെ സംബന്ധിച്ച വിവരങ്ങൾ

## ( ഭിന്നശേഷി സൗഹൃദ സ്കോളർഷിപ്പ് )

17-01-2023-ലെ സ.ഉ(സാധാ) നം.86/2023/ഉ.വി.വ നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരം ബ്ലൈൻറ്/പി.എച്ച് എന്ന പേരിലുള്ള സ്കോളർഷിപ്പ് ഭിന്നശേഷി സൗഹൃദ സ്കോളർഷിപ്പ് എന്ന് പുനർനാമകരണം ചെയ്തിരിക്കുന്നു. കേരളത്തിലെ ഹയർസെക്കൻററി/വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളുകൾ, സർക്കാർ/എയ്ഡഡ് ആർട് സ് ആൻറ് സയൻസ് കോളേജുകൾ, സംഗീത - ട്രെയിനിംഗ് സംസ്കൃത കോളേജുകൾ എന്നിവിടങ്ങളിൽ ബിരുദാനന്തര ബിരുദം വരെയും സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ ബി.എഡ്/എം.എഡ് എന്നിവയും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെൻറുകൾ എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികളിൽ നിന്നും വരുമാന പരിധി ഉപാധി ഇല്ലാതെ 2022-23 അദ്ധ്യയന വർഷത്തെ ഫീസ് ആനുകൂല്യത്തിനും ബോർഡിങ് ഗ്രാന്റിനും സൗജന്യ ഹോസ്റ്റൽ താമസത്തിനുമുള്ള ആനുകൂല്യത്തിനും വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു.

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളും ഈ സ്കോളർഷിപ്പിൻറെ പരിധിയിൽ വരുന്നതാണ്.

അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in ൽ Blind/ PH Scholarship (BPHFC )/ Bhinnaseshi Souhrida Scholarship (BSS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം. ഓരോ വർഷവും പുതിയ അപേക്ഷകൾ ഓൺലൈൻവഴി സമർപ്പിക്കേണ്ടതാണ്. (സ്കോളർഷിപ്പ് പുതുക്കൽ ഇല്ല)

<u>അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതികൾ-</u>

എ) ഓൺലൈൻ ആയി അപേക്ഷകൾ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : **26 / 02/ 2023**

ബി) രജിസ്ട്രേഷനും പ്രിൻറൗട്ടും മറ്റ് അനുബന്ധരേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി : **28/ 02/ 2023**

സി) സ്ഥാപന മേധാവികൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ഓൺലൈൻ വഴി അപേക്ഷകൾ അംഗീകരിക്കേണ്ട അവസാന തീയതി: **02/ 03/ 2023**

ധനസഹായത്തിൻറെ വിശദവിവരങ്ങൾ താഴെ (പട്ടിക 1ൽ) പറയും വിധമാണ്

| ക്രമ നമ്പർ | ധനസഹായം | വിഭാഗം | തുക |
|---|---|---|---|
| 1. | ഫീസ് ആനുകൂല്യം | ഭിന്നശേഷി (കാഴ്ച) വിദ്യാർത്ഥികൾക്ക് മാത്രം | 1) ഫീസിന് തുല്യമായ തുക 2) ബുക്ക് അലവൻസ് 500/- രൂപ |
| 2. | ഹോസ്റ്റൽ ചാർജ് | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് | പ്രിൻസിപ്പാൾ അംഗീകരിച്ച അപ്പൻഡിക്സ് 2 പ്രകാരമുള്ള ഫീസ് പരമാവധി 6000/- രൂപ മാത്രം |
| 3. | ബോർഡിങ് ഗ്രാന്റ് | ഹോസ്റ്റൽ ചാർജിനു അർഹത ഇല്ലാത്ത ഭിന്നശേഷിയുള്ള വിദ്യാർഥികൾ | പ്രതിമാസം 400/ - രൂപ പ്രകാരം പരമാവധി 4000/- രൂപ |

<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ</u>

എ. എസ്.എസ്.എൽ.സി.മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ബി. അപേക്ഷകൻറെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിൻറെ ഒന്നാമത്തെ പേജിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

സി. മെഡിക്കൽ സർട്ടിഫിക്കറ്റ്: ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ഡി. അവസാനത്തെ യോഗ്യതാ പരീക്ഷയുടെ മാർക്ക്ലിസ്റ്റിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്

ഇ. ഹോസ്റ്റൽ വാർഡൻറെ ഇൻമേറ്റ് സർട്ടിഫിക്കറ്റ് (ഹോസ്റ്റൽ ചാർജ്ജ്-ന് മാത്രം) മാതൃക അപ്പൻറിക്സ് 1- ൽ

<u>ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ</u>

എ) ഒരിക്കൽ അനുവദിക്കപ്പെട്ട ഫീസ് ആനുകൂല്യമോ, ഹോസ്റ്റൽ ആനുകൂല്യമോ പിന്നീട് പുതുക്കിയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വരികയാണങ്കിൽ വീണ്ടും പുതുക്കി നൽകുന്നതല്ല.

ബി) ഹോസ്റ്റൽ ഫീസ് ഒരു കുട്ടിക്ക് പരമാവധി പ്രതിമാസം 6000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. സർക്കാർ കോളേജുകൾ ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളും ഓരോ വിദ്യാർത്ഥിയുടേയും ചിലവായ തുക സംബന്ധിച്ചുള്ള കണക്കുകൾ (ബില്ലുകൾ വൗച്ചറുകൾ അടക്കം) ഈ കാര്യാലയത്തിൽ തപാൽ മുഖേന സ്കോളർഷിപ്പ് അനുവദിക്കുന്നതിന് മുൻപ് തന്നെ സമർപ്പിക്കേണ്ടതാണ്.

സി).ഹോസ്റ്റൽ ചാർജ്ജ് മുൻകൂറായി നൽകുകയില്ല. വിദ്യാർത്ഥി വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവേശിച്ച തീയതി മുതൽ അക്കാദമിക് വർഷത്തിൻറെ ഡിസംബർ മാസം വരെയുള്ള തുക 1- ആം ഘട്ടമായും, ജനുവരി മുതൽ പരീക്ഷകൾ അവസാനിക്കുന്നതു വരെയുള്ളത് രണ്ടാംഘട്ടമായും പഠിക്കുന്ന സ്ഥാപനം മുഖേന ഹോസ്റ്റൽ ചാർജ് ആവശ്യപ്പെടേണ്ടതാണ്.

ഡി) ഹോസ്റ്റൽ ചാർജ്ജ് ലഭിക്കുന്നതിനായി ഹോസ്റ്റൽ വാർഡൻ ഓരോ വിദ്യാർത്ഥിയുടെയും ഇൻമേറ്റ് സർട്ടിഫിക്കറ്റും ഹോസ്റ്റൽ ഫീസും (appendix 1& 2 ) സ്റ്റേറ്റ്മെൻറിൽ രേഖപ്പെടുത്തി സ്ഥാപനമേധാവിക്ക് നൽകേണ്ടതാണ്.

ഇ) ഏപ്രിൽ/മേയ് മാസങ്ങളിലെ ഹോസ്റ്റൽ ചാർജ്ജ് ക്ലെയിം ചെയ്യുകയാണെങ്കിൽ (വേനലവധി കാലമായതിനാൽ) അതിനുള്ള കാരണം രണ്ടാം ഗഡുവിനായി വിവരങ്ങൾ നൽകുമ്പോൾ സ്ഥാപനമേധാവി/പ്രിൻസിപ്പാൾ/യൂണിവേഴ്സിറ്റികളിലെ വകുപ്പമേധാവി വ്യക്തമാക്കണം.

എഫ്) ഈ പദ്ധതി പ്രകാരം ഫീസ് ആനുകൂല്യം /ബോർഡിങ് ഗ്രാന്റ്/ ഹോസ്റ്റൽ ചാർജ്ജ് ലഭിക്കുന്നവർ G.O(P)

No.19/78/H.Edn Dtd.30/01/1978 (rule 5d)) അനുസരിച്ച് മറ്റു ഫീസാനുകൂല്യം, സ്കോളർഷിപ്പുകൾ, ഇ- ഗ്രാൻറ, സ്റ്റൈപ്പൻറ് ആനുകൂല്യങ്ങൾ കൈപ്പറ്റാൻ പാടുള്ളതല്ല. ( സോഷ്യൽ വെൽഫയർ ഡിപ്പാർട്ടുമെൻറിൻറെ റീഡേഴ്സ് അലവൻസും ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.)

ജി) ഒന്നിലധികം സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കുന്നവർ മൾട്ടിപ്പിൾ സ്കോളർഷിപ്പ് ക്യാൻസൽ ചെയ്യാൻ അവസരം വരുമ്പോൾ വിദ്യാർത്ഥിക്ക് ഏറ്റവും പ്രയോജനപ്പെടുന്ന ഒരു സ്കോളർഷിപ്പ് സെലക്ട് ചെയ്യേണ്ടതാണ്. സമയപരിധി കഴിഞ്ഞുലഭിക്കുന്ന അപേക്ഷകളും, മാന്വൽ അപേക്ഷകളും പരിഗണിക്കുന്നതല്ല.

എച്ച്) തുക സ്ഥാപനത്തിൻറെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് ഇ-ട്രാൻസ്ഫർ ചെയ്യുന്നത്. കോളേജ് login -ൽ Receipt amount confirm student list tab - ൽ നൽകി വിദ്യാർത്ഥികളുടെ ട്രാൻസ്ഫർ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്.

അപേക്ഷിക്കേണ്ട രീതി

ഇതിനായി : -

1) www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിലെ Blind/PH Scholarship (BPHFC )/ Bhinnaseshi Souhrida Scholarship (BSS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2) Apply online -ൽ ക്ലിക്ക് ചെയ്യുക.

3) മറ്റ് സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിൻറെ വിവരങ്ങൾ വച്ച് candidate login ചെയ്യുക.

4) അല്ലെങ്കിൽ new registration - ൽ ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്ത് submit ക്ലിക്ക് ചെയ്യുക.

5) സ്കോളർഷിപ്പ് പേജിൽ BPHFC/(BSS) എന്ന ടാബിൽ ക്ലിക്ക് ചെയ്യുക.

6) PH category സെലക്ട് ചെയ്യുക.

7) ഹോസ്റ്റലർ ആണോ ഡേ സ്കോളർ ആണോ എന്ന വിവരം സെലക്ട് ചെയ്യുക

8) submit ക്ലിക്ക് ചെയ്യുക.

ബി) ഓൺലൈനിലൂടെ അപേക്ഷ നൽകിയതിനുശേഷം view /print application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിൻറെ പ്രിൻറൗട്ട് എടുത്തിരിക്കണം.

സി) രജിസ്ട്രേഷൻ ഫോമിൻറെ പ്രിൻറൗട്ട് പട്ടിക - 2 ൽ പറയുന്ന രേഖകൾ സഹിതം
വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

<u>സ്ഥാപനമേധാവികളുടെ ശ്രദ്ധയ്ക്ക് :-</u>

അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങൾ, ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, ലൈബ്രറി ഫീസ്, പരീക്ഷാ ഫീസ് എന്നിവ സ്കോളർഷിപ്പ് വെബ് സൈറ്റിൽ 16/ 02/ 2023 ന് മുൻപ് അപ് ഡേറ്റ് ചെയ്യേണ്ടതാണ്.

1) വിദ്യാർത്ഥി സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിൻറൗട്ടും ഓൺലൈൻ വഴി സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്.

2) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി/ പ്രിൻസിപ്പാൾ/യൂണിവേഴ്സിറ്റികളിലെ വകുപ്പ്മേധാവി എല്ലാ രേഖകളുടെയും നിജസ്ഥിതി പരിശോധിച്ച് ഉറപ്പുവരുത്തി ഓൺലൈൻ വഴി നിശ്ചിത സമയത്തിനുള്ളിൽ അംഗീകരിച്ചിരിക്കണം. അല്ലാത്ത പക്ഷം ഉണ്ടാകുന്ന ബാധ്യതകൾ സ്ഥാപന മേധാവിയുടെ ഉത്തരവാദിത്തമായിരിക്കും.

3)വിദ്യാർത്ഥികൾ ക്ലാസിൽ പ്രവേശിച്ച തീയതി, ഹോസ്റ്റൽ പ്രവേശനം നേടിയ തീയതി എന്നിവ അപേക്ഷയുടെ ഓൺലൈൻ പരിശോധന (വെരിഫിക്കേഷൻ)നടത്തുമ്പോൾ സ്ഥാപന മേധാവി/പ്രിൻസിപ്പാൾ/ യൂണിവേഴ്സിറ്റികളിലെ വകുപ്പമേധാവി വ്യക്തമാക്കിയിരിക്കണം

4) ഹോസ്റ്റൽ ചാർജ് സ്റ്റേറ്റ്മെൻറ് ഹോസ്റ്റൽ വാർഡനിൽ നിന്ന് appendix 1 ലഭ്യമാക്കി സ്ഥാപനത്തിൽ നിന്ന് വെരിഫിക്കേഷൻ/അപ്രൂവൽ ഓൺലൈനിൽ രണ്ടുഘട്ടങ്ങളിലായി നടത്താവുന്നതാണ്. 1-ആം ഘട്ടം ഈ നോട്ടിഫിക്കേഷന് സൈറ്റ് ഓപ്പൺ ചെയ്യുന്ന സമയത്തും, 2-ആം ഘട്ടം മാർച്ച്/ഏപ്രിൽ സൈറ്റ് വീണ്ടും ഓപ്പൺ ചെയ്യുമ്പോഴും.

5) സ്ഥാപന മേധാവികൾ ഹോസ്റ്റൽ വാർഡൻ നൽകുന്ന സ്റ്റേറ്റ്മെൻറിൻറെ (appendix 1) അടിസ്ഥാനത്തിൽ ഓൺലൈൻ രജിസ്ട്രേഷനിലൂടെ ഹോസ്റ്റൽ ഫീസിന് അർഹരായ മൊത്തം വിദ്യാർത്ഥികളുടെയും രജിസ്ട്രേഷൻ ഐ.ഡി.ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ പട്ടിക (appendix 2 ) സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തോടുകൂടി blindphscholarship@gmail.com എന്ന ഇ-മെയിലിൽ നിശ്ചിത തീയതിക്കകം അയക്കേണ്ടതാണ്.

6) സ്കോളർഷിപ്പ് സൈറ്റിലുള്ള സ്ഥാപനത്തിൻറെ ബാങ്ക് അക്കൗണ്ട് നമ്പർ, ബ്രാഞ്ച് ഐ.എഫ്.എസ്.സി കോഡ്, ഇ-മെയിൽ ഐ.ഡി എന്നിവ institution registration menu പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. തുക സ്ഥാപനത്തിൻറെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇ-ട്രാൻസ്ഫർ ചെയ്യുന്നതിനാൽ dce scholarship - institution login-receipt amount confirm students list tab ൽ വിവരങ്ങൾ നൽകി ട്രാൻസ്ഫർ സ്റ്റാറ്റസ് ഉറപ്പുവരുത്തി, വിദ്യാർത്ഥികൾക്ക്/ഹോസ്റ്റൽ വാർഡന് തുക നൽകി രസീത് സൂക്ഷിക്കേണ്ടതാണ്.

7)ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ (വിദ്യാർത്ഥികൾ സമർപ്പിച്ചിരിക്കുന്ന രേഖകളും രജിസ്ട്രേഷൻ പ്രിൻറൗട്ടും) ഹോസ്റ്റൽ ഫീസ് സ്റ്റേറ്റ്മെൻറ് (appendix 1&2), അപേക്ഷയുടെ ഒരു പകർപ്പ് അതതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതും കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ സ്കോളർഷിപ്പ് ഓഫീസിലെ ഇൻസ്പെക്ഷൻ ടീമിൻറെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

**നിശ്ചിത സമയ പരിധിക്കു ശേഷവും വെരിഫിക്കേഷൻ / അപ്രൂവൽ ചെയ്യാതെ സ്ഥാപനങ്ങളുടെ ലോഗിനിൽ കിടക്കുന്ന അപേക്ഷകളുടെ ഉത്തരവാദിത്വം സ്ഥാപന മേധാവിക്ക് മാത്രമായിരിക്കും**

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്സ്

Approval Valid

Digitally Approved By
മനോമോഹൻ കെ
Date: 16.02.2023
Reason: Approved

ഒപ്പ് /-
മനോമോഹൻ കെ
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

S3/58788/2022/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 27.02.2023

**<u>അറിയിപ്പ്</u>**

2022 -23 വർഷത്തെ ഭിന്നശേഷി സൗഹൃദ സ്കോളർഷിപ്പിന് വിദ്യാർത്ഥികൾക്ക് ഓൺലൈൻ ആയി അപേക്ഷകൾ സമർപ്പിക്കുന്നതിനും, പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവികൾക്ക് സമർപ്പിക്കുന്നതിനുമുള്ള സമയ പരിധി മാർച്ച് 8 വരെയും അപേക്ഷകൾ വെരിഫൈ / അപ്രൂവൽ ചെയ്യുന്നതിനായി സ്ഥാപന മേധാവികൾക്ക് മാർച്ച് 10 വരെയും സമയം ദീർഘിപ്പിച്ചിരിക്കുന്നു.

# Approval Valid

Digitally Approved By
മനോമോഹൻ കെ
Date: 27.02.2023
Reason: Approved

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

"ഭരണഭാഷ മാതൃഭാഷ"

R2/47744/2022-23/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
വികാസ്ഭവൻ,തിരുവനന്തപുരം
20.02.2023

<u>ജില്ലാ മെറിറ്റ് അവാർഡ് (ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്)202-223 ഫ്രഷ് വിജ്ഞാപനം</u>

2022- 23 മാർച്ചിൽ എസ്.എസ്.എൽ.സി/റ്റി.എച്ച്.എസ്.എൽ.സി സംസ്ഥാന സിലബസിൽ പഠിച്ച് എല്ലാ വിഷയങ്ങളിലും എ പ്ലസ് ഗ്രേഡ് നേടി വിജയിച്ച് എച്ച്.എസ്.സി./ പ്ലസ്ടു/ഐ.ടി.ഐ. /വി.എച്ച്.എസ്.ഇ/ പോളിടെക്നിക്ക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ജില്ലാ മെരിറ്റ് സ്കോളർഷിപ്പിന് ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നു.
അപേക്ഷകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ സ്കോളർഷിപ്പ് വെബ്സൈറ്റായ www.dcescholarship.kerala.gov.in -ൽ District Merit Scholarship (DMS) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് 26/02/2023 വരെ ഓൺ ലൈനായി അപേക്ഷിക്കാവുന്നതാണ്.

സ.ഉ(സാധാ) നമ്പർ 86/2023/ഉ.വി.വ തീയതി: 17-01-2023 സർക്കാർ ഉത്തരവ് പ്രകാരം 2022-23 അദ്ധ്യയന വർഷം മുതൽ ജില്ലാ മെറിറ്റ് സ്കോളർഷിപ്പ് ജില്ലാ മെറിറ്റ് അവാർഡ് എന്ന് പുനർ നാമകരണം ചെയ്തിരിക്കുന്നു.

1) <u>അപേക്ഷിക്കേണ്ടതിനുള്ള യോഗ്യതകൾ</u>
എ)അപേക്ഷകർ 2022 മാർച്ചിൽ എസ്.എസ്.എൽ.സി.,റ്റി.എച്ച്.എസ്.എൽ.സി., സംസ്ഥാന സിലബസിൽ പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയവർ ആയിരിക്കണം.
ബി)അപേക്ഷകർ 2022-2023 അദ്ധ്യയന വർഷത്തിൽ വി.എച്ച്.എസ്.ഇ/എച്ച്.എസ്.സി/ +2/ഐ.ടി.ഐ./പോളിടെക്നിക്ക് കോഴ്സുകളിലേക്ക് തുടർന്ന് പഠിക്കുന്നവർ ആയിരിക്കണം.

2) <u>സ്കോളർഷിപ്പ് തുക</u>
എ) പ്രതിവർഷം 1250/-രൂപ(ആയിരത്തി ഇരുന്നൂറ്റി അൻപത് രൂപ)
ബി) തുടർവിദ്യാഭ്യാസത്തിൽ 50% മാർക്ക് വാങ്ങി പാസാകുന്ന വിദ്യാർത്ഥികൾക്ക് പഠനം തുടരുന്ന 7 വർഷം വരെ സ്കോളർഷിപ്പ് പുതുക്കാവുന്നതാണ്.

3) <u>ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ</u>
എ) അപേക്ഷകർക്ക് ഐ.എഫ്.എസ്.സി.കോഡ് ഉള്ള ഏതെങ്കിലും ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.വിദ്യർത്ഥികൾ നൽകുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തെറ്റായി നൽകുകയോ ആക്ടീവ് അല്ലാത്ത ബാങ്ക് അക്കൗണ്ട് വിവരങ്ങൾ നൽകി ടി അക്കൗണ്ടിൽ നിന്നും സർക്കാർ അക്കൗണ്ടിൽ പോകുന്ന സ്കോളർഷിപ് തുക ടി വർഷം വീണ്ടും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതല്ല. രക്ഷകർത്താവുമായി ചേർന്നുള്ള മൈനർ അക്കൗണ്ടുള്ളവർ സ്വന്തം പേരിൽ മാത്രമായുള്ള മേജർ അക്കൗണ്ടായി മാറ്റേണ്ടതാണ്. അപേക്ഷ ഓൺലൈനായി സമർപ്പിക്കുമ്പോൾ അക്കൗണ്ട് ലൈവ് ആയിരിക്കേണ്ടതാണ്.
ബി) ബാങ്ക് അക്കൗണ്ട് ആധാർ നമ്പറുമായി ലിങ്ക് ചെയ്തിരിക്കണം. ആധാർ നമ്പർ ലഭ്യമായിട്ടില്ലെങ്കിൽ ഇ.ഐ.ഡി.നമ്പർ നൽകിയാലും മതിയാകും.
സി) എസ്.സി.ഇ.ആർ.ടി. നൽകുന്ന സ്കോളർഷിപ്പും, ഒറ്റപ്പെൺകുട്ടിക്കായുള്ള സ്കോളർഷിപ്പും ഒഴികെ മറ്റേതെങ്കിലും സ്കോളർഷിപ്പോ, ഫീസാനുകൂല്യങ്ങളോ കൈപ്പറ്റുന്നവർ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.

4) <u>അപേക്ഷിക്കേണ്ട രീതി</u>
എ) അപേക്ഷകൾ ഓൺലൈനായി 26/02/2023 വരെ സമർപ്പിക്കാവുന്നതാണ്. ഇതിനായി :-

1) www.dcescholarship.kerala.gov.in എന്ന വെബ്സൈറ്റിൽ **District Merit Scholarship** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.

2)സെലക്ഷനിൽ പേരുണ്ടോ എന്ന് നോക്കി ഉണ്ടെങ്കിൽ

3) Apply Online ൽ ക്ലിക്ക് ചെയ്യുക.

4) മറ്റ് സ്കോളർഷിപ്പിനായി മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിൻറെ വിവരങ്ങൾ വച്ച് Candidate Login ചെയ്യുക

5) അല്ലെങ്കിൽ New Reistration ൽ ക്ലിക്ക് ചെയ്ത് Submit ചെയ്യുക.

6) സ്കോളർഷിപ്പ് പേജിൽ DMS എന്ന Tab ൽ ക്ലിക്ക് ചെയ്യുക.

7) എസ്.എസ്.എൽ.സി. പഠിച്ച സ്കൂളിൻറെ ഡിസ്ട്രിക്ട്, സ്കൂൾ, പേര് എന്നിവ സെലക്ട് ചെയ്ത ശേഷം സ്വന്തം പേര് സെലക്ട് ചെയ്യുക.

8) Submit ചെയ്യുക.

9) നൽകിയ വിവരങ്ങൾ ശരിയെങ്കിൽ വീണ്ടും Submit ക്ലിക്ക് ചെയ്യുക.

ബി)ഓൺലൈനിലൂടെ അപേക്ഷ നൽകിയതിനു ശേഷ View/ Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിൻറെ പ്രിൻറൗട്ട് എടുത്തിരിക്കണം.

സി) രജിസ്ട്രേഷൻ ഫോമിൻറെ പ്രിൻറൗട്ട് ഭാഗം -5 ൽ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി ഇപ്പോൾ പഠിക്കുന്ന സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്.

ഡി) വിദ്യാർത്ഥി സമർപ്പിക്കുന്ന രേഖകളും,രജിസ്ട്രേഷൻ പ്രിൻറൗട്ടും ഓൺലൈൻ വഴി സ്ഥാപനമേധാവിയോ (പ്രിൻസിപ്പലോ/യൂണിവേഴ്സിറ്റികളിലെ വകുപ്പ് മേധാവികളോ) അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ പരിശോധിക്കേണ്ടതാണ്. (വെരിഫിക്കേഷൻ)

ഇ) സൂക്ഷ്മ പരിശോധന നടത്തിക്കഴിഞ്ഞ അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം. (അപ്രൂവ്ഡ്), 2/03/2023

എഫ്) ഓൺലൈൻ വഴി അംഗീകരിച്ച അപേക്ഷകൾ

1) ഗവൺമെൻറ് /എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങൾ അതാതു സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതാണ്. സ്കോളർഷിപ്പ് ഓഫീസിലെ ഇൻസ്പെക്ഷൻ ടീമിൻറെ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

5) <u>സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട രേഖകൾ</u>

എ) അപേക്ഷകരുടെ ഫോട്ടോ പതിച്ച രജിസ്ട്രേഷൻ പ്രിൻറൗട്ട്

ബി) റ്റി.എച്ച്.എസ്.എൽ.സി./എസ്.എസ്.എൽ.സി. മാർക്ക്ലിസ്റ്റിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

സി) അപേക്ഷകരുടെ സ്വന്തം പേരിൽ ഉള്ള ബാങ്ക് പാസ്സ്ബുക്കിൻറെ ഒന്നാമത്തെ പേജിൻറെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

(പേര്, അക്കൗണ്ട് നമ്പർ,ബ്രാഞ്ച് കോഡ്, ബ്രാഞ്ചിൻറെ അഡ്രസ്സ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം)

ഡി) ആധാർ കാർഡിൻറെ കോപ്പി.

6) <u>അവസാന തീയതി</u>

1) ഓൺലൈനായി അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി: 26/02/2023

2) ഓൺലൈൻ രജിസ്ട്രേഷൻ പ്രിൻറൗട്ടും, മറ്റ് അനുബന്ധ രേഖകളും സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ട തീയതി: 28/02/2023

3) സ്ഥാപനമേധാവി സൂക്ഷ്മ പരിശോധന നടത്തി ഓൺലൈൻ ആയി അപേക്ഷകൾ അംഗീകരിക്കുന്നതിനുള്ള **(Verification & Approval)** അവസാന തീയതി: 02/03/2023

**4) നിശ്ചിത സമയ പരിധിക്ക് ശേഷവും institution ലോഗിനിൽ verfy and Approval ആകാതെ അവശേഷിക്കുന്ന അപേക്ഷകൾക്ക് സ്ഥാപന മേധാവി മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്.**

**വിശദ വിവരങ്ങൾക്ക് 9446780308 എന്ന നമ്പറിൽ ബന്ധപെടുക**

# Approval Valid

Digitally Approved By
Manomohan K
Date: 20.02.2023
Reason: Approved

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 27.02.2023

<u>അറിയിപ്പ്</u>

# <u>അറിയിപ്പ്</u>

2022-23 വർഷത്തെ ജില്ലാ മെറിറ്റ് അവാർഡ് (ഡിസ്ട്രിക്ട് മെറിറ്റ് സ്കോളർഷിപ്) ന (FRESH & RENEWAL) വിദ്യാർഥികൾക്ക് ഓൺലൈൻ ആയി അപേക്ഷകൾ സമർപ്പിക്കുന്നതിനും പ്രിന്റ് ഔട്ടും അനുബന്ധരേഖകളും സ്ഥാപനമേധാവികൾക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി 08 / 03 2023 വരെയും അപേക്ഷകൾ വെരിഫൈ / അപ്രൂവൽ ചെയ്യുന്നതിനായി സ്ഥാപനമേധാവികൾക്ക 10 / 03 2023 രെയും തിയ്യതി ദീർഘിപ്പിച്ചിരിക്കുന്നു

Approval Valid

Digitally Approved By
മനോമോഹൻ കെ
Date: 27.02.2023
Reason: Approved

സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്

Endt.No. Acd SPC(1)/284050/2023/HSE Dated: 28/2/2023

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഭിന്നശേഷി സഹായ സ്കോളർഷിപ്പിനെക്കുറിച്ചും ജില്ലാ മെറിറ്റ് സ്കോളർഷിപ്പിനെക്കുറിച്ചും വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇത് എല്ലാ ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാരുടെയും അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.

[signature]
ജോയിന്റ് ഡയറക്ടർ (അക്കാദമിക്)